8182
7/9/20

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ്- കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എസ്.എസ്.) വകുപ്പ്**

സ.ഉ.(കൈ.) നമ്പർ. 161/2020/പൊ.ഭ.വ. തിയതി,തിരുവനന്തപുരം, 27.08.2020

---

**ഉത്തരവ്**

കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് സെക്രട്ടറി തല സമിതി സമർപ്പിച്ച കരട് ചട്ടങ്ങൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി താഴെപറയുന്ന മന്ത്രിസഭാംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| 1. ശ്രീ. എ. കെ. ബാലൻ, | പട്ടികജാതി- പട്ടികവർഗ്ഗ- പിന്നോക്കവിഭാഗ ക്ഷേമ-നിയമ-സാംസ്കാരികകാര്യ-പാർലമെന്ററികാര്യ വകുപ്പ് | - കൺവീനർ |
| 2. ശ്രീ. ഇ. ചന്ദ്രശേഖരൻ, | റവന്യൂ-ഭവനനിർമ്മാണവകുപ്പ്. | - അംഗം |
| 3. ശ്രീ. കെ. കൃഷ്ണൻകുട്ടി, | ജലവിഭവ വകുപ്പ് | - അംഗം |
| 4. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, | തുറമുഖ- മ്യൂസിയം-ആർക്കിയോളജി ആർക്കൈവ്സ് വകുപ്പ്. | - അംഗം |
| 5. ശ്രീ. എ. കെ. ശശീന്ദ്രൻ, | ഗതാഗത വകുപ്പ് | - അംഗം |

2. ചീഫ് സെക്രട്ടറിയായിരിക്കും മന്ത്രിസഭാ ഉപസമിതിയുടെ സെക്രട്ടറി. ഉപസമിതിയെ സഹായിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ചീഫ് സെക്രട്ടറി നിർദ്ദേശം നല്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
**സത്യജീത് രാജൻ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

പട്ടികവർഗ്ഗ-പിന്നോക്കവിഭാഗ ക്ഷേമ-നിയമ-സാംസ്കാരികകാര്യ- പാർലമെന്ററികാര്യ വകുപ്പ്
മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ-ഭവനനിർമ്മാണവകുപ്പ്. മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
തുറമുഖ- മ്യൂസിയം-ആർക്കിയോളജി ആർക്കൈവ്സ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ അഡീ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.
പൊതുഭരണ (എസ്. സി )വകുപ്പ് (മന്ത്രിസഭാതീരുമാനം നം. 4177)
കരുതൽ ഫയൽ/ആഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: പബ്ലിക് ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)(മന്ത്രിസഭാ തീരുമാനത്തിന്റെയും മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിന്റേയും പകർപ്പ് സഹിതം പ്രസിദ്ധീകരണത്തിന്)

രഹസ്യം

42.

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-08-2020

ഇനം നം: 4177

ഫയൽ നം. എസ്.എസ്.3/144/2018/പൊ.ഭ.വ.

**വിഷയം** : പൊതുഭരണ വകുപ്പ് - കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നത്.

**തീരുമാനം** : താഴെപ്പറയുന്ന മന്ത്രിസഭാ അംഗങ്ങളെ ഉൾപ്പെടുത്തി മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു.

| | | |
|---|---|---|
| ശ്രീ. എ.കെ. ബാലൻ, പട്ടികജാതി-പട്ടികവർഗ്ഗ-പിന്നാക്കവിഭാഗ ക്ഷേമ-നിയമ-സാംസ്കാരികകാര്യ - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി. | - | കൺവീനർ |
| ശ്രീ. ഇ. ചന്ദ്രശേഖരൻ, റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി. | - | മെമ്പർ |
| ശ്രീ. കെ. കൃഷ്ണൻകുട്ടി, ജലവിഭവ വകുപ്പ് മന്ത്രി. | - | മെമ്പർ |
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി, തുറമുഖ-മ്യൂസിയം-ആർക്കിയോളജി-ആർക്കൈവ്സ് വകുപ്പ് മന്ത്രി. | - | മെമ്പർ |
| ശ്രീ. എ.കെ. ശശീന്ദ്രൻ, ഗതാഗത വകുപ്പ് മന്ത്രി. | - | മെമ്പർ |
| ചീഫ് സെക്രട്ടറി. | - | സെക്രട്ടറി |

ഉപസമിതിയെ സഹായിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകുവാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുഭരണ വകുപ്പ്.

51

4177

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

A1.

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എസ്.എസ്3/144/2018/പൊ.ഭ.വ. |
| 2 | വകുപ്പ് | : | പൊതുഭരണ (എസ്.എസ്.) വകുപ്പ് |
| 3 | വിഷയം | : | കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 17.08.2020 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : | അല്ല |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.ആർ.ഗോപകുമാർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | | ശ്രീ. സത്യജീത്ത് രാജൻ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.08.2020 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.08.2020 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.08.2020 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.08.2020 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയമാണ് ഈ കുറിപ്പിലുളളത്.

2. 22/12/2018 ലെ സ.ഉ (കൈ) നം. 285/2018/പൊ.ഭ.വ പ്രകാരം, കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിനുവേണ്ടി ഒരു കരട് തയ്യാറാക്കുന്നതിനായി അന്നത്തെ അഡീ. ചീഫ് സെക്രട്ടറി (ജല വിഭവം) അദ്ധ്യക്ഷനായി ഒരു സെക്രട്ടറി തല സമിതിയെ ചുമതലപ്പെടുത്തിയിരുന്നു. സെക്രട്ടറി തല സമിതി കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

3. കരട് ചട്ടങ്ങൾ സഹിതം ഫയൽ ചംക്രമണം ചെയ്യപ്പോൾ, ഇക്കാര്യത്തിൽ ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുന്ന കാര്യം മന്ത്രിസഭ യോഗത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവിട്ടിട്ടുണ്ട്.

### തീരുമാനിക്കേണ്ട വിഷയം

കേരള സർക്കാരിന്റെ കാര്യ നിർവ്വഹണ ചട്ടങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതിന് സെക്രട്ടറി തല സമിതി സമർപ്പിച്ച കരട് ചട്ടങ്ങൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കാമോ ?